**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 219** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ആയുഷ് ആശുപത്രി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിൽ എത്ര ആയുഷ് ആശുപത്രികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u> സംസ്ഥാനത്ത് നിലവിലുള്ള ആയുഷ് ആശുപത്രികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.**

**1) ഭാരതീയ ചികിത്സാ വകുപ്പ്**

- ആയുർവേദ ആശുപത്രികൾ – 129
- സിദ്ധ ആശുപത്രി – 1
- യോഗ & പ്രകൃതി ചികിത്സാ ആശുപത്രി– 1

കൂടാതെ ട്രൈബൽ വകുപ്പിന് കീഴിൽ ഒരു ആയുർവേദ ആശുപത്രിയും പ്രവർത്തിച്ചുവരുന്നു.

**<u>2) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u>**

**4 സർക്കാർ ആയുർവേദ കോളേജുകളിലായി 6 ആശുപത്രികളും, 2 എയിഡഡ് കോളേജുകളിലായി 2 ആശുപത്രികളും ഉൾപ്പെടെ ആകെ 8 ആയുർവേദ ആശുപത്രികൾ നിലവിലുണ്ട്.**

**<u>3) ഹോമിയോപ്പതി വകുപ്പ് -</u>**

**സംസ്ഥാനത്ത് കിടത്തി ചികിത്സയുള്ള 34 ഹോമിയോ ആശുപത്രികൾ നിലവിലുണ്ട്.**

**<u>4)ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്</u>**

**2 സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രികൾ നിലവിലുണ്ട്.**

**<u>5) നാഷണൽ ആയുഷ് മിഷൻ</u>**

**നാഷണൽ ആയുഷ് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതുമായ 50കിടക്കകളുള്ള രണ്ട് ഇൻറഗ്രേറ്റഡ് ആയുഷ് ആശുപത്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

**1. ചാലക്കുടി ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി, തൃശ്ശൂർ**

**2. മട്ടന്നൂർ ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി, കണ്ണൂർ**

**സെക്ഷൻ ഓഫീസർ**